RCS/7077/2024-G(3)

സഹകരണ സംഘം രജിസ്ട്രാർ ആഫീസ് ,
ജവഹർ സഹകരണ ഭവൻ,
ഡിഐ ജംഗ്ഷൻ.പി.
തിരുവനന്തപുരം 14-
ഫോൺ 2330825-0471
ഇ മെയിൽ-keralarcs.coop@kerala.gov.in
www.cooperation.kerala.gov.in
തീയതി: 09.10.2024

## സർക്കുലർ നമ്പർ 23/24

വിഷയം- സഹകരണ വകുപ്പ്- സംസ്ഥാനത്തെ വിവിധ സഹകരണ സ്ഥാപനങ്ങളിലെ പ്രസിഡന്റ്, വൈസ് പ്രസിഡന്റ് എന്നിവർക്കുള്ള ഓണറേറിയവും, ഭരണ സമിതി അംഗങ്ങൾക്കുള്ള ദിനബത്ത, യാത്രാബത്ത, സിറ്റിംഗ് ഫീസ് എന്നിവയും പരിഷ്കരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നത് സംബന്ധിച്ച്.

സൂചന- 1. സഹകരണ സംഘം രജിസ്ട്രാറുടെ 7.8.2014 ലെ 39/14 നമ്പർ സർക്കുലർ
2. സഹകരണ സംഘം രജിസ്ട്രാറുടെ 10.11.14 ലെ 49/14 നമ്പർ സർക്കുലർ.

*****

വിവിധ സഹകരണ സ്ഥാപനങ്ങളുടെ പ്രസിഡന്റുമാർക്കും, വൈസ് പ്രസിഡന്റുമാർക്കുമുള്ള ഓണറേറിയവും, പ്രസിഡന്റ്, വൈസ് പ്രസിഡന്റ് എന്നിവരുൾപ്പെടെയുള്ള ഭരണ സമിതി അംഗങ്ങളുടെ ദിനബത്ത, യാത്രാബത്ത, സിറ്റിംഗ് ഫീസ് എന്നിവയും പുതുക്കി നിശ്ചയിച്ചുകൊണ്ട് സൂചന ഒന്ന് രണ്ട് പ്രകാരം സർക്കുലർ പുറപ്പെടുവിച്ചിരുന്നു. ഇപ്പോൾ നിലവിലുള്ള ടി നിരക്കുകൾ പുതുക്കി നിശ്ചയിക്കണമെന്ന സഹകാരികളുടെ നിരന്തരമായ അപേക്ഷ കണക്കിലെടുത്തും ടി നിരക്കുകൾ പുതുക്കി നിശ്ചയിക്കേണ്ടത് ആവശ്യമാണ് എന്ന് കാണുന്നതിനാലും സംസ്ഥാനത്തെ വിവിധ സഹകരണ സ്ഥാപനങ്ങളിലെ പ്രസിഡന്റ്, വൈസ് പ്രസിഡന്റ്, എന്നിവർക്കുള്ള പ്രതിമാസ ഓണറേറിയം, തുക, സഹകരണ ചട്ടം 49 പ്രകാരം നിശ്ചയിച്ച്, പരിഷ്കരിച്ചുകൊണ്ടും, സംസ്ഥാനത്തെ വിവിധ സഹകരണ സംഘങ്ങളുടെ പ്രസിഡന്റ്, വൈസ് പ്രസിഡന്റ്, ഉൾപ്പെടെയുള്ള ഭരണ സമിതി അംഗങ്ങളുടെ ദിനബത്ത യാത്രാബത്ത, സിറ്റിംഗ് ഫീസ് എന്നിവ സഹകരണ ചട്ടം 48(5) പ്രകാരം നിശ്ചയിച്ച് പരിഷ്കരിച്ചുകൊണ്ടും ഉത്തരവാകുന്നു.

പരിഷ്കരിച്ച നിരക്കുകൾ, അനുബന്ധമായിട്ടുള്ള പട്ടികകളിൽ (പട്ടിക 1,2) ചേർക്കുന്നു.

### പൊതുവ്യവസ്ഥകൾ

1. പരിഷ്കരിച്ച നിരക്കിന് 01.10.2024 മുതൽ പ്രാബല്യമുണ്ടായിരിക്കും
2. ഓണറേറിയം കൈപ്പറ്റുന്ന പ്രസിഡന്റ്, വൈസ്പ്രസിഡന്റ്, എന്നിവർക്ക് സ്ഥാപനത്തിന്റെ ആസ്ഥാനത്തുനിന്ന് 8 കിലോമീറ്റർ വരെയുള്ള യാത്രയ്ക്ക് യാത്രാബത്തയ്ക്ക് അർഹതയുണ്ടായിരിക്കുന്നതല്ല.
3. ഭരണ സമിതി യോഗത്തിൽ പങ്കെടുക്കുന്ന അംഗങ്ങൾക്ക് യാത്രാബത്തയ്ക്ക് പുറമേ സിറ്റിംഗ് ഫീസിനും അർഹതയുണ്ടായിരിക്കും.
4. വ്യാപാര ആവശ്യത്തിനായി യാത്ര ചെയ്യേണ്ടി വരുന്ന ഭരണ സമിതി അംഗങ്ങൾക്ക് യാത്രബത്തയ്ക്ക് പുറമേ ദിനബത്തയ്ക്കും അർഹതഉണ്ടായിരിക്കും
5. സ്ഥാപനത്തിന്റെ വാഹനം ഉപയോഗിക്കുന്നവർക്കും സ്ഥാപനം ലഭ്യമാക്കിയിട്ടുള്ള വാഹനം ഉപയോഗിക്കുന്ന ഭരണ സമിതി അംഗങ്ങൾക്കും, യാത്രാബത്തയ്ക്ക്

അർഹതയുണ്ടായിരിക്കുന്നതല്ല. ഇവർക്ക് അതാത് സ്ഥാപനത്തിലെ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർക്ക് അനുവദനീയമായ സർക്കാർ നിരക്കിലുള്ള ഇൻസിഡന്റൽ എക്സ്പെൻസിന് അർഹതയുണ്ടായിരിക്കും. (8 കിലോമീറ്ററിന് പുറത്ത് യാത്ര ചെയ്യുന്ന പക്ഷം പ്രസ്തുത തുക ഏറ്റവും കുറഞ്ഞത് പകുതി ദിനബത്തയായിരിക്കും.)

6. വാഹനം അനുവദിച്ചിട്ടുള്ള സ്ഥാപനങ്ങളിലെ പ്രസിഡന്റ് ഭരണ സമിതി അംഗങ്ങൾ യാത്രയ്ക്കായി വാഹനം ഉപയോഗിക്കുന്നില്ലായെങ്കിൽ അവർക്ക് ഒന്നാംക്ലാസ്/രണ്ടാംക്ലാസ് എ.സി.യിലുള്ള ട്രെയിൻ യാത്രാ നിരക്കോ റോഡ് മാർഗ്ഗമാണ് യാത്രയെങ്കിൽ എക്സ്പ്രസ്/സൂപ്പർഫാസ്റ്റ് നിരക്കും അതാത് സ്ഥാപനങ്ങളിലെ ചീഫ് എക്സിക്യൂട്ടീവ് ആഫീസർക്ക് ട്രെയിൻ/റോഡ് യാത്രയ്ക്കും അനുവദനീയമായ ഇൻസിഡെന്റൽ എക്സ്പെൻസിനും അർഹതയുണ്ടായിരിക്കും.
7. കേരള സർവ്വീസ് റൂളിലെ വ്യവസ്ഥക്കനുസൃതമായി ഭരണ സമിതി അംഗങ്ങൾക്ക് അതാത് സ്ഥാപനങ്ങളിലെ ചീഫ് എക്സിക്യൂട്ടീവ് ആഫീസർമാർക്ക് അനുവദനീയമായ നിരക്കിലുള്ള ഹാൾട്ട് ഡി.എ. യ്ക്ക് അർഹതയുണ്ടായിരിക്കും
8. സംസ്ഥാനത്തിന് പുറത്ത് യാത്ര ചെയ്യുന്നവർക്കുള്ള ദിനബത്ത സാധാരണ നിരക്കിലും 50% അധികമായിരിക്കും. കൂടാതെ മുറിവാടകയിനത്തിൽ അതാത് സ്ഥാപനങ്ങളിലെ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർക്ക് അനുവദനീയമായ സർക്കാർ നിരക്കിലുള്ള തുകയ്ക്കും അർഹതയുണ്ടായിരിക്കും.
9. ഈ ഉത്തരവ് പ്രകാരം ഓണറേറിയം-യാത്രാബത്ത, ദിനബത്ത, സിറ്റിംഗ് ഫീസ് എന്നിവ അനുവദനീയമല്ലാത്ത വിഭാഗങ്ങളിൽപ്പെട്ടുന്ന സംഘങ്ങൾക്ക് അവർ അപേക്ഷിക്കുന്ന മുറക്ക് സ്ഥാപനങ്ങളുടെ സാമ്പത്തിക സ്ഥിതി, പരിഗണിച്ച് സഹകരണ സംഘം രജിസ്ട്രാർ പ്രത്യേക ഉത്തരവ് നൽകുന്നതാണ്. എന്നാൽ ഈ വിഭാഗങ്ങളിൽപ്പെട്ടുന്ന സംഘങ്ങളുടെ ആവശ്യത്തിനായി ഏതെങ്കിലും കാരണവശാൽ ഭരണ സമിതി അംഗങ്ങൾക്ക് യാത്ര ചെയ്യേണ്ടിവരുന്നപക്ഷം അവർക്ക് യഥാർത്ഥ ബസ് യാത്രാനിരക്ക് വാങ്ങാവുന്നതാണ്.

(ഒപ്പ്)

ജ്യോതി പ്രസാദ് ആർ

സഹകരണ സംഘം രജിസ്ട്രാർ (ഇൻ ചാർജ്ജ്)

പകർപ്പ്-

1. സെക്രട്ടറി, കേരള നിയമസഭ, തിരുവനന്തപുരം(ഉപരിപത്രം സഹിതം)
2. രജിസ്ട്രാർ, കേരള ഹൈക്കോടതി, കൊച്ചി.(ഉപരിപത്രം സഹിതം)
3. ബന്ധപ്പെട്ട അപ്പക്സ് സഹകരണ സ്ഥാപനങ്ങളിലെ പ്രസിഡന്റ്, വൈസ് പ്രസിഡന്റ്, മാനേജിംഗ് ഡയറക്ടർ, കൺകറന്റ് ആഡിറ്റർ എന്നിവർക്ക്.
4. എല്ലാ ജില്ലാ സഹകരണ ബാങ്കുകളിലെയും, പ്രസിഡന്റ്, വൈസ് പ്രസിഡന്റ്, ജനറൽ മാനേജർ, കൺകറന്റ് ആഡിറ്റർ എന്നിവർക്ക്.
5. സഹകരണ ആഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം
6. എല്ലാ ജില്ലാ സഹകരണ സംഘം ജോയിന്റ് രജിസ്ട്രാർ(ജനറൽ)/ജോയിന്റ് ഡയറക്ടർ(ആഡിറ്റ്) എന്നിവർക്ക്.
7. എല്ലാ പ്രാഥമിക കാർഷിക ഗ്രാമ വികസന ബാങ്ക് പ്രസിഡന്റ്, സെക്രട്ടറി എന്നിവർക്ക് (ജോയിന്റ് രജിസ്ട്രാർ(ജനറൽ) മുഖേന)
8. എല്ലാ അസിസ്റ്റന്റ് രജിസ്ട്രാർ(ജനറൽ) അസിസ്റ്റന്റ് ഡയറക്ടർ (ആഡിറ്റ്) മാർക്കും
9. മറ്റു ബന്ധപ്പെട്ട സഹകരണ സ്ഥാപനങ്ങൾക്ക്(അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) മുഖാന്തിരം.
10. സെക്രട്ടറി, സംസ്ഥാന സഹകരണ യൂണിയൻ, തിരുവനന്തപുരം
11. സഹകരണ സംഘം രജിസ്ട്രാർ ഓഫീസിലെ എല്ലാ ഓഫീസർമാർക്കും സെക്ഷനുകൾക്കും.
12. എഡിറ്റർ/സഹകരണ വീഥി, സഹകരണ ജേർണൽ

13. സർക്കുലർ ബുക്ക്/സ്റ്റോക്ക് ഫയൽ/വെബ്സൈറ്റ്.

//ആജ്ഞാനുസരണം//

ഡെപ്യൂട്ടി രജിസ്ട്രാർ (വിജിലൻസ്)

## അനുബന്ധം

## പട്ടിക 1

| ക്രമ നം | സ്ഥാപനത്തിന്റെ പേര് | പ്രസിഡന്റുമാർക്കുള്ള ഓണറേറിയം | | വൈസ് പ്രസിഡന്റുമാർക്കുള്ളഓണറേറിയം | | ദിനബത്ത | | യാത്രാബത്ത | | സിറ്റിംഗ് ഫീസ് | |
|---|---|---|---|---|---|---|---|---|---|---|---|
| | | നിലവിലുള്ളത് (രൂപ) | പരിഷ്കരിച്ചത് (രൂപ) | നിലവിലുള്ളത് (രൂപ) | പരിഷ്കരിച്ചത് (രൂപ) | നിലവിലുള്ളത് (രൂപ) | പരിഷ്കരിച്ചത് (രൂപ) | നിലവിലുള്ളത് (രൂപ) | പരിഷ്കരിച്ചത് (രൂപ) | നിലവിലുള്ളത് (രൂപ) | പരിഷ്കരിച്ചത് (രൂപ) |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 |
| 1 | കേരള സംസ്ഥാന സഹകരണ ബാങ്ക് ക്ലിപ്തം | 22000 | 33000 | 10000 | 15000 | 400 | 600 | 5.00 | 7.50 | 800 | 1200 |
| 2 | കേരള സംസ്ഥാന സഹകരണ കാർഷിക ഗ്രാമവികസന ബാങ്ക് ക്ലിപ്തം | 22000 | 33000 | 10000 | 15000 | 400 | 600 | 5.00 | 7.50 | 800 | 1200 |
| 3 | കേരള സംസ്ഥാന സഹകരണ കൺസ്യൂമേഴ്സ് ഫെഡറേഷൻ | 20000 | 30000 | 7500 | 11250 | 350 | 525 | 4.00 | 6.00 | 500 | 750 |
| 4 | കേരള സംസ്ഥാന സഹകരണ മാർക്കറ്റിംഗ് ഫെഡറേഷൻ ക്ലിപ്തം | 20000 | 30000 | 7500 | 11250 | 350 | 525 | 4.00 | 6. 0 | 500 | 750 |
| 5 | കേരള സംസ്ഥാന സഹകരണ റബ്ബർ മാർക്കറ്റിംഗ് ഫെഡറേഷൻ ക്ലിപ്തം | 20000 | 30000 | 7500 | 11250 | 350 | 525 | 4.00 | 6.00 | 500 | 750 |
| 6 | കേരള കേര കർഷക സഹകരണ ഫെഡറേഷൻ ക്ലിപ്തം | 20000 | 30000 | 7500 | 11250 | 350 | 525 | 4.00 | 6.00 | 500 | 750 |
| 7 | കേരള സംസ്ഥാന സഹകരണ ഹൗസിംഗ് ഫെഡറേഷൻ ക്ലിപ്തം | 20000 | 30000 | 7500 | 11250 | 350 | 525 | 4.00 | 6.00 | 500 | 750 |
| 8 | കേരള സംസ്ഥാന പട്ടികജാതി/പട്ടികവർഗ്ഗ | 10000 | 15000 | 5000 | 7500 | 350 | 525 | 4.00 | 6.00 | 400 | 600 |

| | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|
| | വികസന സഹകരണ ഫെഡറേഷൻ ക്ലിപ്തം | | | | | | | | | | |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 |
| 10 | കേരള വനിത സഹകരണ ഫെഡറേഷൻ ക്ലിപ്തം | 8000 | 12000 | 4000 | 6000 | 350 | 525 | 4.00 | 6.00 | 400 | 600 |
| 11 | ലേബർ ഫെഡ് | ഇല്ല | 12000 | ഇല്ല | 6000 | 350 | 525 | | 6.00 | | 600 |
| 12 | ടൂർഫെഡ് | 20000 | 30000 | ഇല്ല | 11250 | | 525 | | 6.00 | | 750 |
| 13 | കേരള സ്റ്റേറ്റ് റബ്ബർ കോ-ഓപ്പറേറ്റീവ് ലിമിറ്റഡ്(റബ്കോ) | 12000 | 18000 | ഇല്ല | ഇല്ല | 350 | 525 | 4.00 | 6.00 | 500 | 750 |
| 14 | റീജിയണൽ അഗ്രോ ഇൻഡസ്ട്രിയൽ ഡെവലപ്മെന്റ് കോ-ഓപ്പറേറ്റീവ് ലിമിറ്റഡ് (റെയ്ഡ്കോ) | 8500 | 12750 | ഇല്ല | ഇല്ല | 350 | 525 | 4.00 | 6.00 | 500 | 750 |
| 15 | കേരള സ്റ്റേറ്റ് അഗ്രോ കോ-ഓപ്പറേറ്റീവ് ലിമിറ്റഡ് (അഗ്രീൻകോ) | 7000 | 10500 | ഇല്ല | ഇല്ല | 350 | 525 | 4.00 | 6.00 | 500 | 750 |

## അനുബന്ധം
## പട്ടിക 2

| ക്രമ നം | സ്ഥാപനത്തിന്റെ പേര് | പ്രസിഡന്റുമാർക്കുള്ള ഓണറേറിയം | | വൈസ് പ്രസിഡന്റുമാർക്കുള്ളഓണറേറിയം | | ദിനബത്ത | | യാത്രാബത്ത | | സിറ്റിംഗ് ഫീസ് | |
|---|---|---|---|---|---|---|---|---|---|---|---|
| | | നിലവിലുള്ളത് (രൂപ) | പരിഷ്കരിച്ചത് (രൂപ) | നിലവിലുള്ളത് (രൂപ) | പരിഷ്കരിച്ചത് (രൂപ) | നിലവിലുള്ളത് (രൂപ) | പരിഷ്കരിച്ചത് (രൂപ) | നിലവിലുള്ളത് (രൂപ) | പരിഷ്കരിച്ചത് (രൂപ) | നിലവിലുള്ളത് (രൂപ) | പരിഷ്കരിച്ചത് (രൂപ) |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 |
| 1 | പ്രാഥമിക സഹകരണ കാർഷിക ഗ്രാമ വികസന ബാങ്കുകൾ | 10000 | 15000 | ഇല്ല | ഇല്ല | 350 | 525 | 4.00 | 6.00 | 600 | 900 |
| 2 | അർബൻ സഹകരണ ബാങ്കുകൾ (ചട്ടങ്ങളിലെ അനുബന്ധം III പ്രകാരമുള്ളത് ) സ്പെഷ്യൽ ഗ്രേഡ് | 10000 | 15000 | 5000 | 7500 | 350 | 525 | 4.00 | 6.00 | 600 | 900 |
| | ക്ലാസ്സ്I | 7500 | 11250 | ഇല്ല | ഇല്ല | 350 | 525 | 4.00 | 6.00 | 500 | 750 |
| | ക്ലാസ്സ് II | 6000 | 9000 | ഇല്ല | ഇല്ല | 350 | 525 | 3.50 | 5.25 | 400 | 600 |
| | ക്ലാസ്സ് III | 5000 | 7500 | ഇല്ല | ഇല്ല | 300 | 450 | 3.00 | 4.50 | 350 | 525 |
| | ക്ലാസ്സ്IV | 4500 | 6750 | ഇല്ല | ഇല്ല | 275 | 425 | 3.50 | 5.25 | 350 | 525 |
| | ക്ലാസ്സ്V | 3000 | 4500 | ഇല്ല | ഇല്ല | 275 | 425 | 3.50 | 5.25 | 350 | 525 |
| | ക്ലാസ്സ് VI | 2500 | 3750 | ഇല്ല | ഇല്ല | 275 | 425 | 3.50 | 5.25 | 350 | 525 |
| 3 | പ്രാഥമിക വായ്പ സംഘങ്ങൾ കാർഷിക/കാർഷികേതര /അർബൻ സംഘങ്ങൾ/റൂറൽ ബാങ്കുകൾ, ജീവനക്കാരുടെ വായ്പ സംഘങ്ങൾ ഉൾപ്പെടെയും ഹൗസിംഗ് സംഘങ്ങൾ ഒഴികെയും | 12000 | 18000 | ഇല്ല | ഇല്ല | 400 | 600 | 4.00 | 6.00 | 600 | 900 |

| | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|
| | (ചട്ടങ്ങളിലെ അനുബന്ധം III പ്രകാരമുള്ളത്) സൂപ്പർ ഗ്രേഡ് - 200 കോടി രൂപയും അതിന് മുകളിലും നിക്ഷേപമുള്ളവ | | | | | | | | | | |
| | സൂപ്പർ ഗ്രേഡ് - 200 കോടി രൂപയിൽ താഴെ നിക്ഷേപമുള്ളവ | 10000 | 15000 | ഇല്ല | ഇല്ല | 400 | 600 | 4.00 | 6.00 | 600 | 900 |
| | സ്പെഷ്യൽ ഗ്രേഡ് | 7500 | 11250 | ഇല്ല | ഇല്ല | 400 | 600 | 4.00 | 6.00 | 500 | 750 |
| | ക്ലാസ്സ്I | 6500 | 9750 | ഇല്ല | ഇല്ല | 350 | 525 | 3.50 | 5.25 | 450 | 675 |
| | ക്ലാസ്സ് II | 6000 | 9000 | ഇല്ല | ഇല്ല | 350 | 525 | 3.50 | 5.25 | 400 | 600 |
| | ക്ലാസ്സ് III | 5500 | 8250 | ഇല്ല | ഇല്ല | 300 | 450 | 3.50 | 5.25 | 350 | 525 |
| | ക്ലാസ്സ്IV | 5000 | 7500 | ഇല്ല | ഇല്ല | 300 | 450 | 3.50 | 5.25 | 350 | 525 |
| | ക്ലാസ്സ്V | 4500 | 6750 | ഇല്ല | ഇല്ല | 275 | 425 | 3.50 | 5.25 | 325 | 500 |
| | ക്ലാസ്സ് VI | 4000 | 6000 | ഇല്ല | ഇല്ല | 275 | 425 | 3.50 | 5.25 | 275 | 425 |
| | ക്ലാസ്സ് VII (പ്രവർത്തന മൂലധനം 25 ലക്ഷം രൂപയിൽ കുറയാതെയുള്ളവയ്ക്ക്) | 3000 | 4500 | ഇല്ല | ഇല്ല | 300 | 450 | 3.50 | 5.25 | 250 | 375 |
| 4 | പ്രാഥമിക ഹൗസിംഗ് സഹകരണ സംഘങ്ങൾ (ചട്ടങ്ങളിലെ അനുബന്ധം III പ്രകാരമുള്ളത്) ക്ലാസ്സ്I | 3750 | 5625 | ഇല്ല | ഇല്ല | 300 | 450 | 3.50 | 5.25 | 325 | 500 |
| | ക്ലാസ്സ് II | 2250 | 3375 | ഇല്ല | ഇല്ല | 300 | 450 | 3.50 | 5.25 | 300 | 450 |
| | ക്ലാസ്സ് III | 2000 | 3000 | ഇല്ല | ഇല്ല | 275 | 425 | 3.50 | 5.25 | 300 | 450 |
| | (എ) ചട്ടങ്ങളിലെ അനുബന്ധം III ൽ പെടുന്നതും 2 കോടിയിൽ കൂടുതൽ പ്രവർത്തന മൂലധനമുള്ള സംഘങ്ങൾ | 3250 | 4875 | ഇല്ല | ഇല്ല | 300 | 450 | 3.50 | 5.25 | 325 | 500 |
| | (ബി) 5 കോടിയിൽ കൂടുതൽ പ്രവർത്തന മൂലധനമുള്ള സംഘങ്ങൾ | 4250 | 6375 | ഇല്ല | ഇല്ല | 350 | 525 | 3.50 | 5.25 | 375 | 575 |
| | (സി) 10 കോടിയിൽ കൂടുതൽ പ്രവർത്തന മൂലധനമുള്ള സംഘങ്ങൾ | 4250 | 6375 | ഇല്ല | ഇല്ല | 350 | 525 | 3.50 | 5.25 | 425 | 650 |

| | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|
| 5 | പ്രൈമറി മാർക്കറ്റിംഗ് ആന്റ് പ്രോസസിംഗ് സഹകരണ സംഘങ്ങൾ ക്ലാസ്സ്I | 3750 | 5625 | ഇല്ല | ഇല്ല | 250 | 375 | 2.50 | 3.75 | 300 | 450 |
| | ക്ലാസ്സ് II | 2250 | 3375 | ഇല്ല | ഇല്ല | 250 | 300 | 2.50 | 3.00 | 250 | 300 |
| | ക്ലാസ്സ് III | 2000 | 3000 | ഇല്ല | ഇല്ല | 250 | 300 | 2.50 | 3.00 | 225 | 250 |
| | ക്ലാസ്സ്IV വാർഷിക വിറ്റുവരവ് 10 ലക്ഷം രൂപയ്ക്ക് മുകളിൽ ഉള്ളവ മാത്രം | 1250 | 1875 | ഇല്ല | ഇല്ല | 250 | 375 | 2.50 | 3.75 | 225 | 350 |
| | അനുബന്ധം III ൽ പെടുന്നതും (എ) വാർഷിക വിറ്റുവര് 10 കോടിയിൽ കൂടുതൽ ഉള്ളവ | 4250 | 6375 | ഇല്ല | ഇല്ല | 300 | 450 | 3.50 | 5.25 | 325 | 500 |
| | (ബി) വാർഷിക വിറ്റുവരവ് 25 കോടിയിൽ കൂടുതൽ ഉള്ളവ | 4250 | 6375 | ഇല്ല | ഇല്ല | 300 | 450 | 3.50 | 5.25 | 400 | 600 |
| | (സി) വാർഷിക വിറ്റുവരവ് 50 കോടിയിൽ കൂടുതൽ ഉള്ളവ | 5000 | 7500 | ഇല്ല | ഇല്ല | 400 | 600 | 3.50 | 5.25 | 450 | 675 |
| 6 | ജില്ലാ മൊത്ത വ്യാപാര സഹകരണ സംഘങ്ങൾ | 4500 | 6750 | ഇല്ല | ഇല്ല | 250 | 375 | 3.50 | 5.25 | 300 | 450 |
| | (എ) വാർഷിക വിറ്റുവരവ് 2 കോടിയിൽ കൂടുതലുള്ളവ | 4250 | 6375 | ഇല്ല | ഇല്ല | 250 | 375 | 3.50 | 5.25 | 300 | 450 |
| 7 | വനിതാ സഹകരണ സംഘങ്ങൾ (10 ലക്ഷത്തിന് മുകളിൽ പ്രവർത്തന മൂലധനമുള്ള സംഘങ്ങൾക്ക് മാത്രം) | 2250 | 3375 | ഇല്ല | ഇല്ല | 250 | 375 | 3.00 | 4.50 | 250 | 375 |
| | (എ) 25 ലക്ഷത്തിന് മുകളിലുള്ളവ | 2750 | 4125 | ഇല്ല | ഇല്ല | 225 | 350 | 3.25 | 5.00 | 275 | 425 |
| | (ബി) 75 ലക്ഷത്തിന് മുകളിലുള്ളവ | 3250 | 4875 | ഇല്ല | ഇല്ല | 275 | 400 | 3.50 | 5.25 | 325 | 500 |
| 8 | ഹോസ്പിറ്റൽ സഹകരണ സംഘങ്ങൾ | | | | | | | | | | |

| | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|
| | (1) ജില്ലാ ഹോസ്പിറ്റൽ സഹകരണ സംഘങ്ങൾ | 10000 | 15000 | ഇല്ല | ഇല്ല | 350 | 525 | 4.00 | 6.00 | 500 | 750 |
| | (2) സ്പെഷ്യൽ ഗ്രേഡ് | 8000 | 12000 | ഇല്ല | ഇല്ല | 350 | 525 | 4.00 | 6.00 | 500 | 750 |
| | (3) ക്ലാസ്സ് I | 6000 | 9000 | ഇല്ല | ഇല്ല | 350 | 525 | 3.50 | 5.25 | 400 | 600 |
| | (4) ക്ലാസ്സ് II | 3000 | 4500 | ഇല്ല | ഇല്ല | 250 | 375 | 3.00 | 4.50 | 300 | 450 |

(മറ്റ് സഹകരണ സംഘങ്ങൾ)

(വാർഷിക വിറ്റു വരവ്/പ്രവർത്തന മൂലധനം - ഇവ ബാധകമായത്

| ക്രമ നം | വിഭാഗം | പ്രസിഡന്റുമാർക്കുള്ള ഓണറേറിയം | | ദിനബത്ത (ഡി.എ) | | യാത്രാബത്ത (കിലോമീറ്ററിന്) | | സിറ്റിംഗ് ഫീസ് (ഒരു ദിവസത്തേയ്ക്ക്) | |
|---|---|---|---|---|---|---|---|---|---|
| | | നിലവിലുള്ളത് (രൂപ) | പരിഷ്കരിച്ചത് (രൂപ) | നിലവിലുള്ളത് (രൂപ) | പരിഷ്കരിച്ചത് (രൂപ) | നിലവിലുള്ളത് (രൂപ) | പരിഷ്കരിച്ചത് (രൂപ) | നിലവിലുള്ളത് (രൂപ) | പരിഷ്കരിച്ചത് (രൂപ) |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 |
| 1 | 2 കോടിയിൽ കൂടുതലുള്ളവ | 5000 | 7500 | 350 | 525 | 4.00 | 6.00 | 500 | 750 |
| 2 | 1 കോടിയിൽ കൂടുതലുള്ളവ | 4000 | 6000 | 325 | 475 | 4.00 | 6.00 | 400 | 600 |
| 3 | 50 ലക്ഷത്തിൽ കൂടുതലുള്ളവ | 3000 | 4500 | 300 | 450 | 4.00 | 6.00 | 350 | 525 |
| 4 | 25 ലക്ഷത്തിൽ കൂടുതലുള്ളവ | 2500 | 3750 | 250 | 375 | 2.50 | 3.75 | 300 | 450 |
| 5 | 10 ലക്ഷത്തിൽ കൂടുതലുള്ളവ | 2000 | 3000 | 250 | 375 | 2.50 | 3.75 | 250 | 375 |

(ഒപ്പ്)

ജ്യോതി പ്രസാദ് ആർ

സഹകരണ സംഘം രജിസ്ട്രാർ (ഇൻ ചാർജ്ജ്)